LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2010 ഡിസംബർ 29, ബുധൻ

വാല്യം 144] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2010 ഡിസംബർ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *181.....

ദേവസ്വം വക ഭൂമികളിൽ വനവത്കരണം നടത്തുന്നതിനുള്ള ഹരിത കേരളം-ദേവാരണ്യം പദ്ധതി

1 (*181) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ദേവസ്വം വക ഭൂമികളിൽ വനവൽക്കരണം നടത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ഇതുവരെ നടപ്പാക്കിയത് ;

(ബി) ഇതിനായി വനം വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ഹരിതകേരളം-ദേവാരണ്യം പദ്ധതിയിൻകീഴിൽ ഏതൊക്കെ ദേവസ്വം ഭൂമികളിൽ വനവത്കരണം നടത്താനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇതുവരെ എന്തൊക്കെ കർമ്മ പരിപാടികൾ പൂർത്തിയാക്കി ;

(ഡി) ഈ വർഷം ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് ?

2/770/2020

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) ആഗോളതാപനം ചെറുക്കുക, പ്രകൃതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ദേവസ്വം ഭൂമികളിൽ വൃക്ഷവത്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് 23-3-2010-ൽ വനം, ദേവസ്വം എന്നീ വകുപ്പുമന്ത്രിമാരുടെ ഒരു സംയുക്ത യോഗം വഴുതക്കാട് ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ് 'വനശ്രീ' ഹാളിൽ നടത്തി. ദേവസ്വം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 8-9-2010-ൽ ചേർന്ന യോഗം മലബാർ, തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, കൂടൽമാണിക്യം എന്നീ ദേവസ്വങ്ങൾ യഥാക്രമം 40000, 40000, 15000, 4000, 1000 (ആകെ ഒരു ലക്ഷം) വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കണമെന്ന് തീരുമാനിച്ചു. ഇതിനായി വനം വകുപ്പ് ഓഫീസുകളിൽ നിന്നും വൃക്ഷത്തൈകൾ ശേഖരിച്ച് അവ ഏതെല്ലാം ക്ഷേത്രങ്ങളിൽ കൊടുക്കണമെന്ന് അതാത് ദേവസ്വം ബോർഡുകൾ/ദേവസ്വങ്ങൾ ഒരു ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചു. വൃക്ഷത്തൈകൾ നടുന്നതിനുള്ള പണം അതാത് ദേവസ്വം ബോർഡുകൾ/ദേവസ്വങ്ങൾ കണ്ടെത്തണമെന്നും ജല ലഭ്യത, പരിചരണം എന്നിവ ഉറപ്പുവരുത്തണമെന്നും തീരുമാനിച്ചു. ഈ സംരംഭം ഏകോപിപ്പിച്ച് മേൽനോട്ടം വഹിക്കുന്നതിന് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി. വൃക്ഷത്തൈകൾ ശേഖരിക്കുന്നതിന് വിവിധ ദേവസ്വങ്ങൾ/ബോർഡുകൾ സമീപിക്കേണ്ട പ്രാദേശിക വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വിവരം സർക്കാരിനെയും ദേവസ്വം കമ്മീഷണർമാരെയും അറിയിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഉന്നതതല യോഗത്തിന്റെ തീരുമാനമനുസരിച്ചുള്ള തുടർ നടപടികൾക്കായി ബോർഡിലെ ക്ഷേത്രാനുബന്ധ ഉദ്യോഗസ്ഥരുടെ മേൽവിലാസം വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. ആ വകുപ്പിൽ നിന്നും കൂടുതൽ വിവരങ്ങൾ/നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ വനവത്കരണം നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല.

കൂടൽമാണിക്യം ദേവസ്വം ഹരിതകേരളം-ദേവാങ്കണം പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ടെങ്കിലും ഈ വർഷം ചെടികൾ ലഭ്യമല്ലാത്തതിനാൽ അടുത്ത വർഷകാലത്ത് ചെടികൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും അതനുസരിച്ച് അടുത്ത മേയ്-ജൂൺ മാസങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് നടപടിയെടുക്കുമെന്നും അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി നടന്നുവരുന്നു. 13 ക്ഷേത്രങ്ങളിൽ നടപടി പൂർത്തിയായിക്കഴിഞ്ഞു. ഇതിനു പുറമേ മലപ്പുറം ഡിവിഷനിൽ 33 ക്ഷേത്രങ്ങളിലും തലശ്ശേരി ഡിവിഷനിൽ 72 ക്ഷേത്രങ്ങളിലും പാലക്കാട് ഡിവിഷനിൽ 20 ക്ഷേത്രങ്ങളിലും കോഴിക്കോട് ഡിവിഷനിൽ 20 ക്ഷേത്രങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ഡിവിഷനിൽ 11 ക്ഷേത്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. (ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു)*

കൊച്ചി ദേവസ്വം ബോർഡ് ഹരിതകേരളം-ദേവാരണ്യം പദ്ധതിയുടെ ഭാഗമായി വനം വകുപ്പിൽനിന്നും വൃക്ഷത്തൈകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡിൽ പ്രധാന ക്ഷേത്രങ്ങളിൽ ക്ഷേത്രഭരണാധികാരികളുടെ യോഗം വിളിക്കുകയും പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ റീജിയണൽ ചീഫ് കൺസർവേറ്ററുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന ക്ഷേത്രഭരണാധികാരികൾക്ക് വൃക്ഷത്തൈകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയ ക്ഷേത്രങ്ങളിൽ വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം ബോർഡ് പരിഗണിക്കുന്നുണ്ടെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡ് ഔഷധ സസ്യബോർഡുമായി ചേർന്ന് വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വൃക്ഷത്തൈകൾ വനം വകുപ്പിന്റെ പ്രാദേശിക കേന്ദ്രങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വം എന്നിവിടങ്ങളിൽ പദ്ധതികൾ ആരംഭഘട്ടത്തിലാണ്.

മലബാർ ദേവസ്വം ബോർഡ് രണ്ടാം ഘട്ടമെന്ന നിലയിൽ 40000 വൃക്ഷത്തൈകൾ കൂടി ക്ഷേത്രഭൂമിയിൽ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡ് ഹരിതകേരളം-ദേവാരണ്യം പദ്ധതിയനുസരിച്ച് 15000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും തൈകൾ ലഭ്യമാകുന്ന മുറയ്ക്ക് നട്ടുപിടിപ്പിക്കുമെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഭഗവതിക്ഷേത്രം, എറണാകുളം ശിവക്ഷേത്രം, കൊച്ചി പഴയന്നൂർ തുടങ്ങിയ ക്ഷേത്രങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവഞ്ചിക്കുളം, തിരുവില്വാമല ഗ്രൂപ്പുകളിലെ വിവിധ ക്ഷേത്രങ്ങളിലും ചോറ്റാനിക്കരയിലും നട്ടുപിടിപ്പിക്കുന്നതിനായി ചന്ദനം -750, കണിക്കൊന്ന-150, നാടൻ നെല്ലി-150, കുവളം-150, അശോകം-149, ഒട്ട് നെല്ലി-150 ഇപ്രകാരം ചെടികൾ വിതരണം ചെയ്തിട്ടുണ്ടെന്നും കൊച്ചി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ആഗോള താപനം. ലോകഭൂപടത്തിൽനിന്നുതന്നെ ഒരു രാജ്യം ആഗോളതാപനത്തിന്റെ പ്രത്യാഘാതമായി ഇല്ലാതാകാൻ പോകുകയാണ്. ഈ സാഹചര്യത്തിൽ വനം, ദേവസ്വം വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന ഹരിതകേരളം-ദേവാരണ്യം പദ്ധതി എല്ലാവരും സ്വാഗതം ചെയ്യുകയാണ്. ഇതിൽ എനിക്കൊരു നിർദ്ദേശമുള്ളത് ക്ഷേത്ര പരിസരത്താണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ദേവസ്വം ബോർഡുകളുടെ കീഴിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നത്. പുണ്യനദിയായ പമ്പയുടെ തീരമിടിഞ്ഞ് വലിയ തോതിൽ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. പമ്പയുടെ തീരങ്ങളിൽകൂടി വനം വകുപ്പും റവന്യൂ വകുപ്പും ദേവസ്വം വകുപ്പും സംയുക്തമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വിഷ്ണുനാഥ് ഉന്നയിച്ച കാര്യം വളരെ പ്രസക്തമായ കാര്യമാണ്. പ്രകൃതി സംബന്ധമായി ഏറ്റവും സുപ്രധാനമായ ഒന്നായി മരം വച്ചുപിടിപ്പിക്കുക എന്നത് നമ്മുടെ നയമായിത്തന്നെ സ്വീകരിച്ചിട്ടുണ്ട്. പമ്പയുടെ തീരങ്ങളും പരിസര പ്രദേശങ്ങളും വനഭൂമി ഉൾപ്പെടെയുള്ള ഭൂമിയാണ്. ദേവസ്വത്തിന്റെ അധീനതയിലുള്ള ഭൂമികൾ കണ്ടുപിടിച്ചാൽ അത്തരം പ്രദേശങ്ങളിൽ ഈ നിർദ്ദേശമനുസരിച്ച് വനവത്കരണത്തിനുള്ള നടപടികൾ എങ്ങനെ പൂർത്തീകരിക്കാൻ കഴിയും എന്നത് ആലോചിക്കാം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ശ്രീ. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചത് വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ്. പമ്പാ നദിയുൾപ്പെടെ പ്രധാനപ്പെട്ട നദികളുടെ തീരത്ത് ഏറ്റവും നല്ല രീതിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ജില്ലകളിൽ നിന്ന് ഞങ്ങൾ പ്രൊപ്പോസലുകൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നല്ല പ്രൊപ്പോസലുകൾ ഒന്നും വന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തന്നെ മുൻകൈ എടുത്താൽ ഈ പദ്ധതി നല്ല രീതിയിൽ ചെയ്യാൻ സാധിക്കും. റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ആവശ്യമായ തുക അനുവദിക്കാൻ കഴിയുമെന്നതിനാൽ ഫണ്ടിന്റെ പ്രശ്നമില്ല

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ, പമ്പാ നദി അടക്കം നദി ഏതായാലും തൈകൾ കൊടുക്കാൻ തയ്യാറാണ്. പക്ഷേ പല സ്ഥലങ്ങളിലേയും വിഷയം, നടുന്ന സ്ഥലങ്ങളിലെ തൈകളുടെ വളർച്ച ഉറപ്പാക്കാൻ സംവിധാനം വേണം. അതിന് ബന്ധപ്പെട്ട പഞ്ചായത്തുകളും ജനങ്ങളും ബഹുജനപ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും എല്ലാവരും പങ്കെടുക്കണം. സത്യം പറഞ്ഞാൽ ആ പങ്കാളിത്തം വേണ്ടത്ര പോരാ. അത് ഉറപ്പുവരുത്താൻ വേണ്ടി എം.എൽ.എ.-മാരും സഭയാകെയും ശ്രദ്ധിച്ചാൽ ഒരു വലിയ അളവിൽ ഇത് ചെയ്യാൻ പറ്റുമെന്ന് ഉറപ്പ് തന്നിട്ടുണ്ട്.

ശ്രീ. വർക്കല കഹാർ : സർ, ക്ഷേത്രങ്ങളിലെ വനവത്കരണംപോലെ തന്നെ പ്രധാനപ്പെട്ടതാണ് ക്ഷേത്രത്തോടനുബന്ധിച്ചുള്ള കാവുകൾ. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ ഏറ്റവും വലിയ തെളിവുകളാണ് കാവുകൾ. ഒരു പ്രദേശത്തിന്റെ ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനും ജൈവ വൈവിധ്യം നിലനിർത്തുന്നതിനും കാവുകൾ അനിവാര്യമായ ഘടകമാണ്. അതോടൊപ്പം തന്നെ ഉരഗവർഗ്ഗത്തിൽപ്പെട്ട ജീവികളുടെയും ദേശാടനപക്ഷികളുടെയും നിലനിൽപ്പിനും ഇതാവശ്യമാണ്. പക്ഷേ ഈ കാവുകൾ ഇന്ന് മരങ്ങൾ വെട്ടിമുറിച്ചും കൈയേറ്റംകൊണ്ടും നാമാവശേഷമാകുന്നു. ഒന്നാമതായി, അത് പുനരുദ്ധരിക്കുക, രണ്ടാമതായി, അന്യമായിക്കൊണ്ടിരിക്കുന്നത് കണ്ടെത്തി അത് സംരക്ഷിക്കാനും ഈ പദ്ധതിയിലുൾപ്പെടുത്തി പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ക്ഷേത്രങ്ങളും കാവുകളും പരിരക്ഷിക്കുക എന്നത് ഗവൺമെന്റിന്റെ നയം കൂടിയാണ്. അതിന് ആവശ്യമായ നടപടികൾ വിപുലമായി ആലോചിച്ച് നിർവ്വഹിച്ചിട്ടുണ്ട്. ഈ പറയുന്ന പ്രശ്നങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ട് വകുപ്പിനും ബോർഡിനും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, കാവുകൾക്ക് വേണ്ടി മാത്രം പദ്ധതി യുണ്ടായിട്ടുണ്ട്. അത് ആദ്യമായി ഉണ്ടായത് കേരളത്തിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 28 കാവുകൾക്ക് പണം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ആ പദ്ധതി തുടരുകയാണ്. സാധ്യതയുള്ള എല്ലാ കാവുകൾക്കും സാമ്പത്തിക സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം. മുരളി : സർ, ദേവാരണ്യം പദ്ധതി തിരഞ്ഞെടുക്കപ്പെട്ട കുറച്ച് പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ നടത്തുമെന്ന് റവന്യൂ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു. കേരളത്തിലെ ആയിരക്കണക്കിന് ക്ഷേത്രങ്ങൾക്ക് മഹാരാജാ ക്കൻമാരുടെ കാലത്ത് പതിച്ചുനൽകിയ ദേവസ്വം വകഭൂമിയെല്ലാം ഇന്ന് അന്യാധീനപ്പെട്ടിരിക്കുകയാണ്. പലതും കയ്യേറിയിരിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൊച്ചി-മലബാർ ദേവസ്വം ബോർഡുകളുടെയും കീഴിൽ വരുന്ന ആയിരക്കണക്കിന് ഏക്കർ ദേവസ്വം ഭൂമികൾ റവന്യൂ. ദേവസ്വം, വനം എന്നീ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി അഭൂമി ക്ഷേത്രങ്ങൾക്കുതന്നെ വീണ്ടെടുത്ത് കൊടുക്കാനും അവിടെ വീണ്ടും കൈയേറ്റം വരാതിരിക്കാനും ദേവാരണ്യം പദ്ധതി വ്യാപകമായി നടപ്പിലാക്കാനും സാധ്യമാകുന്ന വിധത്തിൽ മൂന്നുവകുപ്പുകളും സംയുക്തമായി ഒരു തീരുമാനം എടുത്തുകൊണ്ട് നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ അന്യാധീനപ്പെട്ടുപോകുന്ന ഭൂമി സംരക്ഷിക്കുവാനും അത് ക്ഷേത്രങ്ങളുടെ കൈയിൽത്തന്നെ നിക്ഷിപ്തമാക്കുവാനുമുള്ള സമീപനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ളത്. ബഹുമാനപ്പെട്ട റവന്യൂ, വനം വകുപ്പുമന്ത്രിമാർ പറഞ്ഞപോലെ ഈ വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് ദേവസ്വത്തിന്റെ കൈയിലുള്ള ഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് ആ ഭൂമിയിൽ നിർദ്ദേശിക്കപ്പെട്ടതുപോലെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും

ശ്രീ. വി. ഡി. സതീശൻ : സർ, ഹരിതകേരളം, ദേവാരണ്യം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുമ്പ് ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി ചില വൃക്ഷ തൈകൾ നട്ടിരുന്നു. യാതൊരുവിധ നിർദ്ദേശങ്ങളുമില്ലാതെ വളരെ അശാസ്ത്രീയമായിട്ടാണ് അന്ന് അങ്ങനെ ചെയ്തത്. ഉദാഹരണത്തിന് പറവൂർ മുസ്സിരിസ് പദ്ധതിയുടെ ഭാഗമായി വരുന്ന ആർക്കിയോളജിക്കൽ വാല്യൂവുള്ള പറവൂർ തമ്പുരാന്റെ കൊട്ടാരമുറ്റത്ത് തേക്കിൻ തൈകൾ നട്ടിരിക്കുകയാണ്. എന്നാൽ, അവിടെ

തേക്ക് വളരുന്ന സ്ഥലമല്ല. അത് ഇപ്പോൾ മുറിച്ചുമാറ്റാനോ പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കാനോ പറ്റാത്ത സ്ഥിതിയാണ്. കൊച്ചിൻ ദേവസ്വം ബോർഡിന്റെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയും കീഴിൽ അശാസ്ത്രീയമായി നട്ടുപിടിപ്പിച്ചിരിക്കുന്ന മരങ്ങളെല്ലാം മുറിച്ചുമാറ്റി ഈ പദ്ധതിയുടെ ഭാഗമായി അവിടെ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന കാര്യം എല്ലാ വകുപ്പുകളും കൂടി ഏകോപിപ്പിച്ചുകൊണ്ട് ചെയ്യാൻ മുൻകൈയെടുക്കുമോ ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഉന്നയിച്ചതുപോലെ ഇക്കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ അശാസ്ത്രീയതയ്ക്കുകൂടി പരിഹാരം കാണാനാണ് വനം വകുപ്പുമായി ആലോചിച്ച് സാധ്യമായ നിലയിൽ തന്നെ ക്ഷേത്രാവശ്യങ്ങൾക്കുള്ള സസ്യലതാദികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ശ്രീ. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെയുള്ള കാര്യങ്ങൾ പരിശോധിച്ച് ദേവസ്വം ബോർഡുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കാം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, ഗുരുവായൂർ ക്ഷേത്രത്തിനുചുറ്റും 25 മീറ്റർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. അവിടെയൊരു പൂന്തോട്ടവും ചെടികളും വച്ചുപിടിപ്പിക്കുവാനുള്ള പദ്ധതി നേരത്തെയുണ്ടായിരുന്നു. പക്ഷേ, ഇതുവരെ അത് പ്രാവർത്തികമായിട്ടില്ല. അത് സംബന്ധിച്ച് എന്താണ് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രതികരണം ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : സർ, ബഹുമാനപ്പെട്ട അബ്ദുൾ ഖാദർ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഗുരുവായൂർ ദേവസ്വത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് ഒരു പ്രാവശ്യം ചർച്ച നടത്തിയതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഉദ്ദേശിച്ച കാര്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. ഇക്കാര്യങ്ങൾ ആവശ്യമായ പരിശോധന നടത്തി പരിഹരിക്കുന്നതാണ്.

<u>ശ്രീ. കെ. അച്ചുതൻ</u> : സർ, എന്റെ നിയോജക മണ്ഡലത്തിലെ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് എൽ.പി. സ്കൂളുണ്ട്. ആറ് സെന്റിലാണ് ആ സ്കൂൾ പ്രവർത്തിക്കുന്നത്. അതും ഇ.എസ്.ഐ. ഷീറ്റാണ്. ഒരു മഴക്കാലത്ത് ഞാൻ അവിടെപ്പോയപ്പോൾ അതിനുള്ളിൽ കൂടുതൽ നേരം നിൽക്കാൻ കഴിഞ്ഞില്ല. അവിടെ അടിയന്തിരമായി ആറ് ഫാൻ വേണമെന്ന് ധനകാര്യ വകുപ്പുമന്ത്രിക്ക് എഴുതി. അത് റിജക്ട് ചെയ്തുകൊണ്ട് ഉത്തരവ് വന്നിട്ടുണ്ട്. എനിക്ക് പറയാനുള്ളത്, ഈ സ്ഥലത്തിനോട് ചേർന്ന് ദേവസ്വം ബോർഡിന്റെ മുപ്പത് സെന്റ് സ്ഥലം വെറുതെ കിടക്കുന്നുണ്ട്. ഒരു അമ്പലമോ, കല്ലോ ഒന്നുമില്ലാത്ത സ്ഥലമാണ്. രണ്ട് മൂന്ന് പുളിമരം മാത്രമാണ് നിൽക്കുന്നത്. അവിടെയാണ് ഈ കുട്ടികൾ കളിക്കുന്നത്. ഈ സ്ഥലമല്ലാതെ കുട്ടികൾക്ക് കളിക്കാൻ വേറെ സ്ഥലമില്ല. ബഹുമാന്യനായ മന്ത്രി ആ സ്ഥലം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ദേവസ്വം ബോർഡുമായി ആലോചിച്ചു മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. വീണ്ടും അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എം. ചന്ദ്രൻ : സർ, ഹരിതകേരളം ദേവാരണ്യം പദ്ധതികൾ പ്രകാരം ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൻകീഴിലുള്ള ക്ഷേത്രങ്ങളിൽ മരം വച്ചുപിടിപ്പിക്കുന്ന കാര്യങ്ങളാണ് അങ്ങ് ഇവിടെ വിശദീകരിച്ചത്. മലബാറിൽ കുറേയേറെ ക്ഷേത്രങ്ങൾ സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലും അവർ കൈകാര്യം ചെയ്യുന്നതുമായിട്ടുണ്ട്. അവിടെയൊക്കെ ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കാൻ കഴിയണം. അതോടൊപ്പം തന്നെ മലബാർ ദേവസ്വം ബോർഡ് അധികാരത്തിൽ വന്നതിനുശേഷവും ഇത്തരത്തിൽ ക്ഷേത്രങ്ങൾ സ്വകാര്യ വ്യക്തികൾ കൈവശം വച്ച് ഭക്തരെ ചൂഷണം ചെയ്ത് കൊള്ളയടിക്കുന്ന സ്ഥിതി വിശേഷമുണ്ട്. അത്തരത്തിലുള്ള ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, നേരിട്ടുള്ള ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലും അല്ലാത്ത ക്ഷേത്രങ്ങളിലുമൊക്കെ വനവത്കരണപരിപാടിയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചത് വളരെ നയപരമായ ഒരുകാര്യമായതുകൊണ്ട് അതിനാവശ്യമായ ആലോചനകൾ നടത്തിയശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഭക്തജനങ്ങളുടെ വിശ്വാസത്തേയും അവരുടെ ആരാധനാക്രമങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന ഒന്നും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് പൊതുവായി ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളെക്കുറിച്ചാണ് അങ്ങ് മറുപടി പറഞ്ഞത്. കേരളത്തിന്റെ സംസ്കാരത്തിൽ പതിനായിരക്കണക്കിന് കാവുകളുണ്ട്. ഒരു മനയാണെങ്കിൽ അതിനോടനുബന്ധിച്ച് ഒരു കാവുണ്ട്. ഈ കാവുകളിൽ മഹാഭൂരിപക്ഷവും ഇന്ന് വെട്ടിനശിപ്പിച്ചിരിക്കുകയാണ്. ഈ ദേവാരണ്യം പദ്ധതിയിൽ ഔചിത്യ ബോധമില്ലാതെ അരയാലും പാലയും വച്ചുപിടിപ്പിക്കുകയാണെങ്കിൽ തരക്കേടില്ല. പക്ഷേ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ തേക്കിൻ തൈകളൊക്കെ വച്ചുപിടിപ്പിക്കുകയാണ്. ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ ഏറ്റവും ചുരുങ്ങിയത് ഔഷധ സസ്യങ്ങളും ഔഷധ മരങ്ങളും വച്ചുപിടിപ്പിക്കുവാനും, അന്യാധീനപ്പെട്ടുപോയ കാവുകളെ വീണ്ടെടുക്കുവാൻ ദേവസ്വം വകുപ്പ് ഒരു നിയമം കൊണ്ടുവരണമെന്നാണ് എനിക്ക് ആവശ്യപ്പെടുവാനുള്ളത്. അതിനോടൊപ്പം വെങ്ങാട്ട് ഗുരുവായൂർ ദേവസ്വത്തിന്റെ ഗോകുലത്തിൽ വനവത്കരണപദ്ധതി നടപ്പിലാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇവിടെ ഈ പരിപാടി നടപ്പിലാക്കുന്നതിനും ക്ഷേത്രങ്ങളുടെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ആവശ്യമായ സസ്യലതാദികൾ വച്ചുപിടിപ്പിക്കുന്നതിനുമാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. അന്യാധീനപ്പെട്ടുപോകുന്നഭൂമി സംരക്ഷിക്കുന്ന നടപടികൾ ഞാൻ മനമത്തെ സൂചിപ്പിച്ച കാര്യമാണ്. എങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ ഉന്നയിച്ച ക്ഷേത്രത്തിന്റെ കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾക്കു പുറമേ ഇവിടെ സൂചിപ്പിച്ചതുപോലെ ആയിരക്കണക്കായ ക്ഷേത്രങ്ങൾ മലബാർ മേഖലയിലുണ്ട്. അവർക്കെല്ലാം തന്നെ ധാരാളം സ്ഥലങ്ങളുമുണ്ട്. അത് വെറുതെ കിടക്കുകയാണ്. 'അമ്പലപ്പറമ്പുപോലെ' യെന്ന് ഞങ്ങളുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്, ഇങ്ങനെ വിശാലമായി കിടക്കുകയാണ്. അപ്പോൾ അവിടങ്ങളിലും ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ; അതിനുപുറമേ അവിടത്തെ അമ്പല കമ്മിറ്റിയുമായി ചർച്ച ചെയ്ത് കാലിക വിളവുകൾ കൃഷിചെയ്യാനാവശ്യമായ നടപടികൾക്ക് രൂപം കൊടുക്കുമോ; സ്വകാര്യ ക്ഷേത്രങ്ങൾ ദേവസ്വം ബോർഡിൽ അഫിലിയേറ്റ് ചെയ്യാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, പ്രസ്തുത നിർദ്ദേശങ്ങൾ ആവശ്യമായ പരിശോധനയ്ക്കുശേഷം പരിഗണിക്കാവുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ കേരളത്തെ ഹരിതാഭമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ദേവാരണ്യം പദ്ധതി നല്ല നിലയിൽ കേരളത്തിൽ ആദ്യമായി നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്വകാര്യ ക്ഷേത്രങ്ങൾ, പ്രത്യേകിച്ചും ദരിദ്രാവസ്ഥയിൽ നടക്കുന്ന സ്വകാര്യ ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച് ദേവാരണ്യം പദ്ധതി പോലുള്ള ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധ്യമല്ല. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇത്തവണ അവതരിപ്പിച്ച ഹരിത ബഡ്ജറ്റിന് മുൻതൂക്കം നൽകിക്കൊണ്ട് നല്ലൊരു തുക അദ്ദേഹം നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ പണം കൂടി പ്രയോജനപ്പെടുത്തി കേരളത്തിൽ ഇത്തരത്തിൽ പണമില്ലാതെ വലയുന്ന ക്ഷേത്ര ഉടമസ്ഥന്മാരേയോ ക്ഷേത്രഭാരവാഹികളേയോ വിളിച്ച് അവരുടെഭൂമിയിൽ ഇതുപോലുള്ള വനവത്കരണം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സാമ്പത്തികമായും പ്രവൃത്തിതലങ്ങളിലും പ്രയാസം നേരിടുന്ന ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഗ്രാന്റ് നൽകുന്ന നടപടികളുണ്ട്. അത് നൂറുശതമാനം ക്ഷേത്രങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ഉപയുക്തമാവില്ലെങ്കിലും കഴിയാവുന്നത്ര ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ക്ഷേത്രങ്ങളിലും മറ്റ് സ്വകാര്യ ക്ഷേത്രങ്ങളിലും ഹരിതവത്കരണ പരിപാടി ആവിഷ്കരിക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, മരം നടുന്നതൊക്കെ നല്ലകാര്യമാണ്. ഞാനൊരു മരസ്നേഹിയല്ല, മര പ്രേമിയാണ്. പക്ഷേ, ഇങ്ങനെയൊക്കെ ചെയ്യുന്നതിനുമുമ്പായി ദേവസ്വം ഡിപ്പാർട്ടുമെന്റ് അവിടത്തെ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരം കാണണം. എരുമേലിയിൽ എത്തുന്ന അയ്യപ്പഭക്തന്മാരിൽ നിന്നും കോടിക്കണക്കിന് രൂപ ഊറ്റിക്കൊണ്ട് പോകുന്നുണ്ട്. അവിടെ കക്കൂസോ, കുളിമുറിയോ ഇല്ല, പാർക്കിംഗിന് കയറിയാൽ മുട്ടോളം ചെളിയാണ്. ഇതിനൊക്കെ അങ്ങയുടെ ഡിപ്പാർട്ടുമെന്റ് അഞ്ച് പൈസ മുടക്കുകയില്ല. ഞാൻ എത്രയോ പ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണ്. ഈ മരം നടുന്നതിന്റെ കൂടെ ഇത്തരത്തിലുള്ള അടിസ്ഥാന പ്രശ്നങ്ങൾക്കു കൂടി പരിഹാരം കാണാൻ ശ്രമിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ശബരിമല തീർത്ഥാടനകേന്ദ്രത്തിലെ പ്രധാനപ്പെട്ട ഒരു കേന്ദ്രമാണ് എരുമേലി. മതേതരത്വത്തിന്റെ ആത്മചൈതന്യം നിലനിൽക്കുന്ന പ്രദേശമാണ്. അവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ കാലഘട്ടത്തിൽ ഗവൺമെന്റ് പ്രത്യേകമായി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇവിടെ നിർദ്ദേശിച്ചതുപോലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമെന്നുള്ള നിലയ്ക്ക് ശബരിമല സന്നിധാനത്തും പമ്പയിലും ചെയ്യുന്നതുപോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഭക്തർക്ക് ഒരുക്കുന്നതിനുവേണ്ടിയുള്ള നടപടികളെ കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ദേവാരണ്യം പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ നേരത്തെ ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ചതു പോലെ ഗുരുവായൂർ ദേവസ്വം വക ഗോകുലത്തിൽ ഏക്കർ കണക്കിന് ഭൂമി ഒഴിഞ്ഞുകിടക്കുകയാണ്. അവിടേക്ക് വരുന്ന പശുക്കൾക്കുപോലും തണലില്ലാത്ത വിധം വളരെ പരിതാപകരമായ ഒരവസ്ഥയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്. കാരണം പശുക്കൾക്ക് അവിടെ കിടക്കാൻ സൗകര്യമില്ലാതെ, തണലില്ലാതെ വളരെയേറെ പ്രയാസമനുഭവിക്കുന്ന ഒരവസ്ഥയുണ്ട്. ഏക്കർ കണക്കിന് ഭൂമിയുണ്ട്. ഈ ഘട്ടത്തിൽ അങ്ങ് ഈ പദ്ധതി അവിടെയും കൂടി നടപ്പിലാക്കുന്നുവെങ്കിൽ തീർച്ചയായും ആ ഗോകുലം വളരെ നന്നായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് മാത്രമല്ല, ഏക്കർ കണക്കിന് ഭൂമിയിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുമ്പ എല്ലാ ഗുണഫലവും ആ പ്രദേശത്തിനും ലഭ്യമാകും. അതുകൊണ്ട് ഇതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉദ്ദേശിച്ചതുപോലെ ഗോകുലത്തിന്റെ പരിപാലനം സംബന്ധിച്ച് ആലോചിക്കുന്നതാണ്. സമയം ലഭിക്കുകയാണെങ്കിൽ ആ സ്ഥലം സന്ദർശിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പള്ളിപ്രം ബാലൻ : സർ, ക്ഷേത്രങ്ങളിൽ വൃക്ഷം നട്ടുപിടിപ്പിക്കുന്ന പരിപാടി കാസർഗോഡ് ജില്ലയിലെ സ്വകാര്യ ക്ഷേത്രത്തിലാണ് ആദ്യമായി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഉത്ഘാടനം ചെയ്തത്. എല്ലാ ജില്ലകളിലും ഇത് സമഗ്രമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുവാൻ ദേവസ്വം വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും ക്ഷേത്രഭരണാധികാരികളെ വിളിച്ച് ചർച്ച ചെയ്യാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതുപോലെ ഉത്തരവാദപ്പെട്ട ദേവസ്വം ബോർഡ് ഉദ്യോഗസ്ഥന്മാരുമായും ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്താം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, പഴശ്ശി രാജാവ് തന്റെ ഇഷ്ടദേവതയെ ആരാധിക്കാൻ ഉപയോഗിച്ചിരുന്ന പേരാവൂർ നിയോജക മണ്ഡലത്തിലെ വളരെ പ്രസിദ്ധമായ മുഴക്കുന്നം മൂദംഗശൈലേശ്വരി ക്ഷേത്രം ഇപ്പോൾ അനാഥാവസ്ഥയിലാണ്. നല്ലൊരു കാവും കുളവും അതിന്റെ ഭാഗമായിട്ടുണ്ട്. ഇപ്പോൾ മറുപടി പറഞ്ഞപ്പോൾ രണ്ടുമൂന്ന് വകുപ്പുകളിലായി ധാരാളം പണമുണ്ടെന്ന് പറഞ്ഞു. പക്ഷേ അപേക്ഷ കൊടുത്തിട്ട് ഇതുവരെ ഈ ക്ഷേത്രത്തിനുവേണ്ടി ഒന്നും കിട്ടിയിട്ടില്ല. അതുകൊണ്ട് ഏതെങ്കിലുമൊരു പദ്ധതിയിൽപ്പെടുത്തി മൂദംഗശൈലേശ്വരി ക്ഷേത്രത്തെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങൾ ഇതിനുമുമ്പും ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടുകൊണ്ട് അടിസ്ഥാനപരമായ അത്യാവശ്യ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, ക്ഷേത്ര ദർശനത്തിനെത്തുന്നവർക്ക് പ്രസാദമായി നൽകുന്ന ചന്ദനം കാളിറ്റി കുറഞ്ഞ സിന്തറ്റിക് എസൻസ് ചേർന്ന ചന്ദനമാണെന്നുള്ള ആക്ഷേപം പൊതുവെയുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഭക്തർക്ക് കാളിറ്റിയുള്ള ചന്ദനം നൽകുന്നതിനും വിഗ്രഹത്തിൽ ചാർത്തുന്നതിനായി ഉപയോഗിക്കുന്ന ചന്ദനം ഗുണമേന്മയുള്ള ചന്ദനമാണോ എന്നും ഉറപ്പ് വരുത്തുന്നതിനും ക്ഷേത്രാവശ്യങ്ങൾക്കുള്ള ചന്ദനമരങ്ങൾ ക്ഷേത്രപരിസരത്ത് വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ചന്ദനത്തിന്റെ സ്വതസിദ്ധമായ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്, വനം വകുപ്പുമായി ആലോചിച്ചുകൊണ്ട് ക്ഷേത്രങ്ങളിൽ നേരത്തെ പറഞ്ഞതുപോലെ ചന്ദനത്തൈകൾ വച്ചുപിടിപ്പിക്കുന്ന സമ്പ്രദായം നടപ്പിലാക്കുന്നതാണ്.

ശ്രീ. ബി. രാഘവൻ : സർ, ക്ഷേത്രങ്ങളിലെല്ലാം സപ്താഹയജ്ഞവും അന്നദാനങ്ങളും ഒക്കെ നടത്തുന്നുണ്ട്. നൂറ് കണക്കിന് ഏക്കർഭൂമി ക്ഷേത്രത്തിന്റെ വകയായിത്തന്നെ ക്ഷേത്രപരിസരത്ത് കിടപ്പുണ്ട്. അതുകൊണ്ട് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതോടൊപ്പം കാർഷികവിളകൾ കൂടി വച്ചുപിടിപ്പിക്കാനാവശ്യമായ നടപടികൾ കൃഷി ഡിപ്പാർട്ടുമെന്റുമായി യോജിച്ചുകൊണ്ട് നടപ്പാക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഭൂമിയുടെ ലഭ്യതയാണ് പ്രധാനപ്പെട്ട കാര്യം. ഭൂമി ഇത്തരം കാര്യങ്ങൾക്ക് ലഭിച്ചുകഴിഞ്ഞാൽ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യം കൂടി പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഹംസ : സർ, ഹരിതകേരളം-ദേവാരണ്യം പദ്ധതി വളരെ മാതൃകാപരമായിട്ടുള്ള പദ്ധതിയാണ്. കേരള സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആരാധകരെ ആകർഷിക്കുന്ന ഒരു കേന്ദ്രമായ ശബരിമലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പരിസ്ഥിതി കമ്മിറ്റി അംഗങ്ങൾ എന്ന നിലയ്ക്ക് ഞങ്ങൾ മൂന്ന് തവണ ശബരിമലയിലും പമ്പയിലും സന്നിധാനത്തും പോയി. അവിടെ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വളരെയധികം അതിശയിപ്പിക്കുന്നതാണ്.

മി. സ്പീക്കർ : 3 തവണ തുടർച്ചയായി പോയോ? അപ്പോൾ ഗുരുസ്വാമിയായി.

ശ്രീ. എം. ഹംസ : ശബരിമല മാസ്റ്റർ പ്ലാൻ അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, നമ്മുടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശബരിമലയിൽ സന്ദർശനം നടത്തി കുറെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിച്ചു. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. അതിന് രൂപീകൃതമായ ഉന്നതാധികാര കമ്മിറ്റി ഈ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെന്റും ബോർഡും ആലോചിച്ച് ഈ കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസുകാർക്ക് ഹെൽത്ത് കാർഡ്

2(*182) ശ്രീ. എം. എം. മോനായി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർക്ക് ഹെൽത്ത് കാർഡ് നൽകാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; സംസ്ഥാനത്തൊട്ടാകെ ഇത് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ പദ്ധതി പ്രകാരം പോലീസുകാർക്ക് ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരോഗ്യ വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ?